**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** | **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിലെ അഴിമതി അന്വേഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളിൽ നിന്ന് സംഭരിക്കുന്ന മീൻ വിൽക്കുന്നതിന്റെ മറവിൽ മത്സ്യഫെഡിൽ അഴിമതി നടന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അന്തിപ്പച്ച വഴി മത്സ്യവില്പനയിലൂടെ ലഭിച്ച പണം ബാങ്കിൽ നിക്ഷേപിക്കുന്നതിൽ മത്സ്യഫെഡിന്റെ അധീനതയിലുള്ള കൊല്ലം കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി)- ൽ സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ അഴിമതി സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | (ബി) | മത്സ്യഫെഡ് കൊല്ലം കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി.)- ൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടർ നടത്തിയ പ്രാഥമികാന്വേഷണ റിപ്പോർട്ട് പ്രകാരം ടി സെന്ററിലെ കരാർ ജീവനക്കാരനും അക്കൗണ്ടന്റുമായിരുന്ന ശ്രീ.എം.മഹേഷ്, അന്തിപ്പച്ച യൂണിറ്റുകളിൽ നിന്നും മത്സ്യം വിറ്റ വകയിൽ ലഭിക്കുന്ന ഡെയിലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ തുക മറച്ചുവെച്ച് വളരെ കുറഞ്ഞ തുക മാത്രം കാഷ് ബുക്കിലും ടാലി സിസ്റ്റത്തിലും രേഖപ്പെടുത്തുകയും ഇപ്രകാരം രേഖപ്പെടുത്തുന്ന തുക മാത്രം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഉന്നത ഉദ്യോഗസ്ഥരുടെ ഒത്താശയില്ലാതെ ഇത്തരമൊരു അഴിമതി നടത്താൻ സാധിക്കില്ല എന്നിരിക്കെ രണ്ടു ജീവനക്കാരുടെ മേൽ മാത്രം കുറ്റം ആരോപിച്ച് മറ്റുള്ളവരെ രക്ഷിക്കാനുള്ള ശ്രമമാണ് നടത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ.എം. മഹേഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും, സ്ഥിരം ജീവനക്കാരനായ ശ്രീ. കെ. അനിമോനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ, കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31/5/2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി) യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി. ലിസി |

| | | | |
|---|---|---|---|
| | | | അഗസ്റ്റിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, ശ്രീമതി. നീതു. പി.എസ്, പ്രോജക്റ്റ് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്റ്റ് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുകയും നിലവിലെ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തട്ടിപ്പിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല. കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ.എം. മഹേഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും, സ്ഥിരം ജീവനക്കാരനായ ശ്രീ. കെ. അനിമോനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ, കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31/5/2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി) യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി. ലിസി അഗസ്റ്റിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, ശ്രീമതി. നീതു. പി.എസ്, പ്രോജക്റ്റ് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്റ്റ് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുകയും നിലവിലെ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ